**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 534** — **20-03-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാന ശല്യം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അരികൊമ്പൻ, ചക്കകൊമ്പൻ, മൊട്ടവാലൻ, ചില്ലികൊമ്പൻ തുടങ്ങിയ ഒറ്റയാൻമാർ കാട്ടിൽ നിന്നും ഇറങ്ങി ജനവാസമേഖലയിൽ പതിവായി ആക്രമണം നടത്തുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | മൂന്നാർ വനം ഡിവിഷൻ പരിധിയിലെ ചിന്നക്കനാൽ -ആനയിറങ്കൽ, ശാന്തൻപാറ പ്രദേശത്ത് മനുഷ്യ-കാട്ടാന സംഘർഷ സംഭവങ്ങൾ നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആയത് ഗൗരവത്തോടെ കാണുന്നുണ്ട്. |
| (ബി) | അരികൊമ്പൻ, ചക്കകൊമ്പൻ തുടങ്ങിയ ഒറ്റയാൻമാർ ഇടുക്കിയിലെ ജനജീവിതം ദുസ്സഹമാക്കിയത് അതീവ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | മൂന്നാർ വനം ഡിവിഷൻ പരിധിയിലെ ചിന്നക്കനാൽ -ആനയിറങ്കൽ, ശാന്തൻപാറ പ്രദേശത്ത് മനുഷ്യ-കാട്ടാന സംഘർഷ സംഭവങ്ങൾ നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആയത് ഗൗരവത്തോടെ കാണുന്നുണ്ട്. |
| (സി) | ജനവാസമേഖലകളിൽ ഏറ്റവും കൂടുതൽ നാശം വിതയ്ക്കുന്ന അരികൊമ്പൻ ഉൾപ്പെടെയുള്ള കാട്ടാനകളെ പിടികൂടാൻ പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, ശാന്തൻപാറ ഭാഗങ്ങളിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള സാദ്ധ്യമായ എല്ലാനടപടികളും വനം വകുപ്പ് കൈക്കൊണ്ടുവരുന്നു. ടി മേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിനിടയാക്കുന്ന കാട്ടാനകളെ തുടർച്ചയായി നിരീക്ഷിച്ചുവരുന്നുണ്ട്. കോട്ടയം ഹൈറെയിഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശുപാർശ പരിഗണിച്ച് മൂന്നാർ ഡിവിഷനിൽ ഉൾപ്പെട്ട ശാന്തൻപാറ, ചിന്നക്കനാൽ മേഖലകളിലെ പ്രദേശവാസികളുടെ ജീവനും സ്വത്തിനും ഭീക്ഷണി ആയ അരിക്കൊമ്പൻ എന്ന കാട്ടാനയെ കണ്ടെത്തി മയക്കുവെടി വയ്ക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) &ചീഫ് വൈൽഡ് ലൈഫ് വാർഡൻ 21.02.2023 ന് ഉത്തരവ് നൽകിയിട്ടുള്ളതാണ്. ഈ ദൗത്യത്തിന് കുങ്കി ആനകളുടെ സേവനം ആവശ്യമാകുന്ന പക്ഷം ആയത് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.പ്രസ്തുത ഉത്തരവിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ കോട്ടയം ഹൈറെയിഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ദൗത്യസംഘം രൂപീകരിച്ച് മുന്നൊരുക്കങ്ങൾ നടത്തിവരുന്നു. കൂടാതെ എലിഫന്റ്<br>ക്രാൾ നിർമ്മാണം നടന്നുവരികയുമാണ്. പ്രസ്തുത മേഖലയിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ഹ്രസ്വകാല പരിഹാര മാർഗ്ഗങ്ങളും, ദീർഘകാല പരിഹാര മാർഗ്ഗങ്ങളും ആവിഷ്കരിച്ചുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് മൂന്നാർ ചിന്നക്കനാൽ കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന താത്ക്കാലിക ആർ.ആർ.റ്റി ടീം രൂപീകരിച്ചിട്ടുള്ളതും പ്രവർത്തിച്ച് വരുന്നതുമാണ്.ഇതിനായി വനം വകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ 45 ഓളംവാച്ചർമാരും നിതാന്ത ജാഗ്രതയോടെ പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ